# പുതിയനിയമ
# പഠനസഹായി


**റ്റി. കെ. ഏബ്രഹാം**



**ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**

**ന്യൂ ടെസ്റ്റമെന്റ് കമന്ററി**

പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് ‘പുതിയനിയമ പഠനസഹായി’ എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,
**റ്റി. കെ. ഏബ്രഹാം**

# അവതാരിക

“ആരും ബൈബിൾ വായിക്കരുത്”- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - “ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്.”

“ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക” എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

“എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു” (നെഹെ. 8:2, 3, 7, 8).

“ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?” എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. “യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു” (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: “ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു” (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ ‘പുതിയനിയമ പഠനസഹായി’ എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ ‘പുതിയനിയമ പഠനസഹായി’യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യ ഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. "മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു" (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

## 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

## ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കൊ. 24:27,44).

## ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# പത്രൊസ് എഴുതിയ രണ്ടാം ലേഖനം

## മുഖവുര

പത്രൊസിന്റെ രണ്ടാം ലേഖനം കള്ള ഉപദേഷ്ടാക്കന്മാരെക്കുറിച്ച് മുന്നറിവ് നൽകുന്ന ലേഖനമാകുന്നു. ഒന്നാം ലേഖനം പുറത്തുനിന്നും കഷ്ടത സഹിക്കുന്ന വിശ്വാസികൾക്ക് സ്ഥിരതയും ധൈര്യവും നൽകുവാൻ എഴുതിയപ്പോൾ രണ്ടാം ലേഖനം സഭയ്ക്കകത്തുനിന്നും ഉണ്ടാകുന്ന ദുരുപദേശ ത്തിന്റെ അപകടം ചൂണ്ടിക്കാണിക്കുന്നു. ദൈവമക്കൾ വിശ്വാസത്തിൽ വളരണം എന്നു പ്രബോധിപ്പിക്കുന്ന ലേഖനമാണ് ഇത് (1:5-7). അവർ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവരും ദുരുപദേഷ്ടാക്കളുടെ ഭക്തിയില്ലാത്ത ജീവി തത്തെ അനുകരിക്കാത്തവരുമായിരിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ ക്രിസ്തുവിനെ പരിഹസിക്കുന്നവർക്ക് ഉണ്ടാകുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് ഈ ലേഖനത്തിൽ മുന്നറിയിപ്പ് നൽകുന്നു. ക്രിസ്തുവിന്റെ വരവ് ആസന്നമാകയാൽ വിശുദ്ധജീവിതം നയിക്കുവാനും ദൈവകൃപയിലും ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളരുവാൻ ആഹ്വാനം നൽകുന്ന ലേഖനമാണ് ഇത്.

ലേഖനകർത്താവ് അപ്പൊസ്തലനായ പത്രൊസാണ്. യേശുക്രിസ്തുവിന്റെ ദാസനും അപ്പൊസ്തലനുമായ ശീമോൻ പത്രൊസ് എഴുതുന്നു എന്ന് തന്നെത്തന്നെ വിശേഷിപ്പിച്ചിരിക്കുന്നു (1:1). തന്റെ മരണത്തെ സംബന്ധിച്ച് കർത്താവ് പറഞ്ഞത് പത്രൊസ് ഈ ലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ട് (1:13). പരിശുദ്ധാത്മനിയോഗം പ്രാപിച്ചു പത്രൊസ് ഈ ലേഖനം എഴുതി എന്ന് മനസ്സിലാക്കാം (1:20,21). പത്രൊസ് കർത്താവിന്റെ മഹിമ കണ്ട സാക്ഷികളിൽ ഒരാളായിരുന്നു (1:16; മത്താ. 17:1-8). ഇത് തന്റെ രണ്ടാമത്തെ ലേഖനമാണെന്നും സൂചനയുണ്ട് (3:1). തന്റെ മരണത്തിനു മുമ്പ് പത്രൊസ് ഈ ലേഖനം എ.ഡി. 66 ൽ റോമിൽനിന്നും എഴുതി എന്ന് അഭിപ്രായപ്പെടുന്നു. കേവലം മുക്കുവനായിരുന്ന പത്രൊസിനെകൊണ്ട് മാറ്റമില്ലാത്ത ദൈവിക സത്യങ്ങൾ രേഖപ്പെടുത്തിത്തരുവാൻ കർത്താവിന് പ്രസാദമായി. അത് വായിച്ച് ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരുവാനും വിശ്വാസത്തിൽ സ്ഥിരതയുള്ളവരാകുവാനും നമുക്ക് ഇടയാകട്ടെ. എ.ഡി. 67 ൽ പത്രൊസ് രക്തസാക്ഷിമരണം വരിച്ചു എന്ന് പാരമ്പര്യം പറയുന്നു.

## ലേഖന വിഭജനം

1. ക്രിസ്തുവിനെക്കുറിച്ചുള്ള വിശ്വാസത്തിൽ വളരുക (അദ്ധ്യായം 1)
2. ദുരുപദേഷ്ടാക്കളുടെ സ്വഭാവം (അദ്ധ്യായം 2)
3. ക്രിസ്തുവിന്റെ പുനരാഗമനവും പ്രബോധനവും (അദ്ധ്യായം 3)

## അദ്ധ്യായം 1

## ആശംസ (1:1,2)

ക്രിസ്തുവിന്റെ അപ്പൊസ്തലനായ ശീമോൻ പത്രൊസാണ് ഈ ലേഖനം എഴുതിയത്. അവൻ ക്രിസ്തുവിന്റെ അടിമദാസനായിരുന്നു. ക്രിസ്തു വിശ്വാസികൾക്കാണ് ലേഖനം എഴുതിയിരുന്നത്. അവർ ക്രിസ്തുവിനെക്കുറിച്ചുള്ള വിലയേറിയ വിശ്വാസം ലഭിച്ചവരായിരുന്നു. അത് അപ്പൊസ്തലന്മാർക്ക് ലഭിച്ച അതേ വിശ്വാസം തന്നെ ആയിരുന്നു. ചിതറിപ്പോയ വിശ്വാസികൾ അവരുടെ വിശ്വാസത്തിനുവേണ്ടി കഷ്ടം സഹിക്കേണ്ടി വന്നിരുന്നു. അതുകൊണ്ട് അത് വിലയേറിയ വിശ്വാസമായി അവർക്ക് അനുഭവപ്പെട്ടിരുന്നു. കൂടാതെ ഈ വിലയേറിയ വിശ്വാസം ദൈവത്തിന്റെ നീതിയാൽ ക്രിസ്തുമൂലം ലഭിച്ച വിശ്വാസമാണ്. ആ വിശ്വാസം നാം നീതീകരിക്കപ്പെടുന്നതിനു കാരണമായി. ക്രിസ്തുവിന്റെ മരണത്തിൽ വിശ്വസിക്കുന്നവർക്ക് ദൈവത്തോട് സമാധാനമുള്ളവർ ആകുവാൻ കഴിയുന്നു. ദൈവത്തിന്റെ നീതിക്കും കൃപ യ്ക്കും പ്രതികരിക്കുവാൻ നമ്മിൽ നൽകപ്പെടുന്ന കഴിവാണ് വിശ്വാസം. അത് ദൈവത്തിന്റെ ദാനം ആകുന്നു.

പാപികൾ നീതീകരിക്കപ്പെടുവാൻ യോഗ്യത ഉള്ളവരല്ല. നാം ദൈവ ത്തിന്റെ കരുണയാലും കൃപയാലും നീതീകരിക്കപ്പെട്ടവർ ആകുന്നു (തീത്തൊ. 3:5,6). ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ നാം വീണ്ടെടുക്കപ്പെട്ടവർ ആകുന്നു. ക്രിസ്തുവിന്റെ രക്തത്തിന്റെ വിലയാണ് നമ്മുടെ  വിശ്വാസത്തിന്റെ വില. അതുകൊണ്ടാണ് ഇത് വിലയേറിയ വിശ്വാസം ആയിരിക്കുന്നത്. നീതീകരിക്കപ്പെട്ട ഏവർക്കും അപ്പൊസ്തലൻ കൃപയും സമാധാനവും വർദ്ധിച്ചു വരട്ടെ എന്ന് ആശംസിക്കുന്നു. ക്രിസ്തീയ ജീവിതത്തെ ധന്യമാക്കുന്നത് ദൈവകൃപയും സമാധാനവുമാണ്. അത് വർദ്ധിച്ചുവരുവാൻ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം ആവശ്യമാകുന്നു. ബുദ്ധിപരമായ അറിവല്ല പരിജ്ഞാനം. അറിവ് അഹങ്കാരം ഉളവാക്കുന്നു. അറിവ് വർദ്ധിക്കുന്തോറും മനുഷ്യൻ അസ്വസ്ഥനാകുന്ന കാഴ്ച എവിടെയും കാണാം. പരിജ്ഞാനം അനുദിന സമ്പർക്കം മൂലം ലഭിക്കുന്നു. ക്രിസ്തുവിനോടുള്ള സമ്പർക്കം മൂലം ഉണ്ടാകുന്ന ആത്മീയ അനുഗ്രഹമത്രെ പരിജ്ഞാനം. ആ പരിജ്ഞാനം ലഭിച്ചവർ ക്രിസ്തുവിൽ സംതൃപ്തിപ്പെടുന്നവരും സന്തോഷിക്കുന്നവരും ആകും.

**ക്രിസ്തീയ വളർച്ചയ്ക്കുള്ള ഉപാധികൾ (1:3-11)**

ക്രിസ്തീയ ജീവിതം ധന്യമാകുന്നതു ദൈവകൃപയിലും ക്രിസ്തുവിനെ ക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളരുമ്പോഴാകുന്നു. അതിനു ദൈവം എന്തു ചെയ്തിരിക്കുന്നു എന്നാണ് ഈ ഭാഗത്ത് കാണുന്നത് (1:3,4). ഇവിടെ നാലു കാര്യങ്ങൾ ദൈവം ചെയ്തിരിക്കുന്നതായി കാണാം. ദൈവം തന്റെ മഹത്വം, വീര്യം, ശക്തി, വാഗ്ദത്തങ്ങൾ ഇവ നൽകിയിരിക്കുന്നു. മനുഷ്യബുദ്ധികൊണ്ട് അപഗ്രഥിച്ചു മനസ്സിലാക്കുവാൻ പ്രയാസമുള്ള കാര്യങ്ങളാണ് ഇവ. പരിശുദ്ധാത്മാവിന്റെ സഹായത്താൽ അത് മനസ്സിലാക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

ദൈവത്തിന്റെ മഹത്വം അവന്റെ സൽഗുണങ്ങളുടെ ആകെത്തുകയാണ്. ദൈവം മഹത്വസമ്പൂർണ്ണനാകുന്നു. അവനിൽനിന്നും പുറപ്പെടുന്നതാണ് അവന്റെ ശക്തിയും വീര്യവും വാഗ്ദത്തങ്ങളും. ദൈവം നമ്മെ രക്ഷിച്ചതു തന്റെ മഹത്വത്താലും വീര്യത്താലും ആകുന്നു. നമ്മുടെ ആത്മീയ ജീവിതത്തിനും ഭക്തിക്കും ആവശ്യമായ എല്ലാ കാര്യങ്ങളും അവൻ നൽകിയിട്ടുണ്ട്. അതിന് അവന്റെ ദിവ്യശക്തിയും വിലയേറിയ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു. അതുകൊണ്ട് നാം ലോകമോഹങ്ങളാലുണ്ടാകാവുന്ന നാശം വിട്ടൊഴിയണം. കൂടാതെ ദൈവത്തിന്റെ ദിവ്യസ്വഭാവത്തിനു കൂട്ടാളികളാകണം. ദൈവത്തിന്റെ ദിവ്യശക്തി അനുഭവിക്കുവാൻ അവന്റെ വിലയേറിയ വാഗ്ദത്തങ്ങളിൽ വിശ്വസിക്കണം. ദിവ്യസ്വഭാവം നൽകുവാൻ ദൈവശക്തികൊണ്ടേ സാധിക്കുകയുള്ളൂ. അപ്പോൾ നാം ക്രിസ്തുസ്വഭാവം ഉള്ളവർ ആകും. അഭക്തരുടെ മദ്ധ്യത്തിൽ ഭക്തിയുള്ളവരായി ജീവിക്കും. അതിനു കർത്താവിനായി നമ്മെ സമർപ്പിക്കാം.

5 മുതലുള്ള വാക്യങ്ങളിൽ ആത്മികമായി വളരുവാൻ വിശ്വാസികൾ ക്കുള്ള ഉത്തരവാദിത്വങ്ങളാണ് വിശദീകരിക്കുന്നത്. ദൈവം നമുക്കുവേണ്ടി ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ എങ്ങനെ അനുഭവിക്കുവാൻ സാധിക്കും എന്നത്രെ ഇവിടെ കാണുന്നത്. നമ്മുടെ രക്ഷയുടെ അടിസ്ഥാനം ദൈവത്തിന്റെ മഹത്വവും അവന്റെ സൽഗുണങ്ങളും ആകുന്നു. നമുക്കു ലഭിച്ച വിശ്വാസവും അതിന്റെ ഫലമാണ്. അങ്ങനെ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം ലഭിച്ചു. അതിൽ നാം വളരുന്നവർ ആകണം. അതിനു നാം കർത്താവിനോട് സഹകരിക്കുന്നവർ ആകണം. ദൈവത്തിന്റെ പാവകളല്ല വിശ്വാസി കൾ. ദൈവത്തിനു നമ്മെക്കുറിച്ചുള്ള ലക്ഷ്യം നിവർത്തിക്കപ്പെടുവാൻ നാം അവനെ അനുസരിക്കുന്നവർ ആകണം. ആത്മീയമായി വളരുവാൻ നാം ഉത്സാഹം ഉള്ളവർ ആകണം. അതിനു നമ്മുടെ വിശ്വാസത്തോടു ചേർക്കേണ്ട ഏഴു കാര്യങ്ങളെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ആദ്യമായി വിശ്വാസത്തോട് വീര്യം കൂട്ടിച്ചേർക്കണം. വീര്യംകൊണ്ടുള്ള ആശയം സൽഗുണം എന്നാണ് (1 പത്രൊ. 2:9). നാം വിശുദ്ധിയുള്ള ജീവിതം നയിക്കണം എന്നു സാരം. വിശ്വാസജീവിതം സമ്പുഷ്ടവും സാക്ഷ്യമുള്ളതും ആകുന്നതു വിശുദ്ധജീവിതം മൂലമാണ്. ആ ജീവിതം ശ്രേഷ്ഠവും മാന്യതയുള്ളതും ആയിരിക്കും.

സൽഗുണത്തോടു പരിജ്ഞാനം കൂട്ടിച്ചേർക്കണം. കാര്യങ്ങൾ വിവേ ചിച്ചു മനസ്സിലാക്കുവാനുള്ള കഴിവാണ് ഇത്. ദൈവിക പരിജ്ഞാനമുള്ളവർ ആകണം എന്നു സാരം. മനുഷ്യന്റെ ജ്ഞാനം ഭക്തിവിരുദ്ധമായ മാർഗ്ഗത്തിലേക്കു നയിക്കുന്നതാകയാൽ അത് ഒഴിഞ്ഞിരിക്കണം (1 തിമൊ. 6:20). മൂന്നാമതു കൂട്ടിച്ചേർക്കേണ്ടത് ഇന്ദ്രിയജയമാണ്. നമ്മുടെ അവയവങ്ങളെ നിയന്ത്രി ക്കുവാനുള്ള കഴിവാണ് ഇത്. നാം ജഡത്തിൽ ജീവിക്കുന്നവരും അതിന്റെ മോഹങ്ങളാൽ ആകർഷിക്കപ്പെടുന്നവരും ആകുന്നു. നാം ഇന്ദ്രിയജയമുള്ളവർ ആകുവാൻ പരിശുദ്ധാത്മാവിനു നമ്മെ നിയന്ത്രിക്കുവാൻ പൂർണ്ണമായി സമർ പ്പിക്കണം. അപ്പോൾ മാത്രമേ അതു സാദ്ധ്യമാകയുള്ളൂ.

നാലാമതു സ്ഥിരതയാണ്. കഷ്ടതകളിലും പരീക്ഷകളിലും തളർന്നുപോകാതെ വിശ്വാസത്തിൽ നിലനില്പാനുള്ള കഴിവാണ് അത്. ക്രിസ്തു അതിന്റെ ഉത്തമദൃഷ്ടാന്തം ആകുന്നു (എബ്രാ. 12:1). അഞ്ചാമത്തേതു ഭക്തിയാകുന്നു. ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം നിമിത്തം ദൈവത്തിനു കൊടുക്കുന്ന മഹത്വവും ബഹുമാനവുമാണ് ഭക്തി. ദൈവഭയം ഉള്ളവർക്കു മാത്രമേ ഭക്തിയുള്ളവരാകുവാൻ കഴികയുള്ളൂ. അവർ ദൈവത്തിന്റെ ഔന്നത്യം അംഗീകരിച്ചുകൊണ്ട് അവനെ ആരാധിക്കയും സേവിക്കയും ചെയ്യും. ലോകത്തിന്റെ മാലിന്യത്താൽ കളങ്കപ്പെടാതെ ജീവിക്കുന്നതാണ് യഥാർത്ഥ ഭക്തി. മനുഷ്യരോടുള്ള നമ്മുടെ കടപ്പാടുകൾ സന്തോഷത്തോടെ നിർവ്വഹിക്കുന്നതും ഭക്തിയുടെ ലക്ഷണം ആകുന്നു (യാക്കോ. 1:27). ദൈവം കപടഭക്തിയെ വെറുക്കുന്നു.

ആറാമത് സഹോദരപ്രീതിയാണ് കൂട്ടിച്ചേർക്കേണ്ടത്. സഹോദരനെ സഹായിച്ചു പ്രീതിപ്പെടുത്തുന്ന സ്നേഹമാണ് അത്. ദൈവത്തെ സ്നേഹിക്കുന്നവർ അന്യോന്യം സഹായിക്കുന്നവർ ആയിരിക്കും. പ്രതികൂല സാഹചര്യങ്ങളിൽ അതു ശക്തിയും സ്ഥിരതയും നൽകും. ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികൾ അതിന്റെ അനുഭവക്കാരായിരുന്നു. ഇന്ന് അത് ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഏഴാമത്തേതു സ്നേഹമാണ്. ദൈവസ്വഭാവത്തിന്റെ ആസ്വാദ്യകരമായ പ്രകാശനമാണ് സ്നേഹം. ദൈവം അത് വെളിപ്പെടുത്തിയതു കൊണ്ട് നാം സ്നേഹം എന്തെന്ന് അറിയുന്നു (1 യോഹ. 3:16). ദൈവം സ്നേഹം ആകുന്നു. ദൈവത്തിൽനിന്നുമാണ് സ്നേഹം എന്തെന്ന് അറിയേണ്ടത്. സ്നേഹംകൊണ്ടുള്ള മറ്റൊരു ആശയം സകലവും കൊടുക്കുക എന്നാകുന്നു (യോഹ. 3:35). സ്നേഹം പ്രദർശിപ്പിക്കുവാൻ ദൈവാത്മാവിന്റെ അധിവാസവും നിയന്ത്രണവും ആവശ്യമാണ്. ദൈവമക്കൾ അന്യോന്യം സ്നേഹിക്കുമ്പോൾ ക്രിസ്തുശിഷ്യന്മാർ എന്ന് അറിയപ്പെടും (യോഹ. 13:35).

വിശ്വാസത്തോടു കൂട്ടിച്ചേർക്കേണ്ട ഏഴ് സൽഗുണങ്ങളാണ് നാം കണ്ടത്. ഇത് അന്യോന്യം ബന്ധമുള്ളവയാകുന്നു. വിശ്വാസത്തിൽ നിലനിൽ ക്കുവാനും വളരുവാനും ഈ ഗുണങ്ങൾ ആവശ്യമാകുന്നു. അപ്പോൾ നമ്മുടെ ജീവിതം ദൈവത്തിനു മഹത്വവും മനുഷ്യർക്കു മാതൃകയും ഉള്ളതാകും. അങ്ങനെ നാം ദൈവകൃപയിലും ക്രിസ്തു

വിനെക്കുറിച്ചുള്ള പരിജ്ഞാന ത്തിലും വർദ്ധിച്ചുവരും. അതിനു കർത്താവ് നമ്മെ ഏവരെയും സഹായിക്കട്ടെ.

8-ാം വാക്യത്തിൽ വിശ്വാസത്തിൽ വളരുന്നതുകൊണ്ടുള്ള അനുഗ്രഹം ചൂണ്ടിക്കാണിക്കുന്നു. അവർ യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ച് ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കയില്ല. ക്രിസ്തുവിനെക്കുറിച്ച് അറിയുന്തോറും കൂടുതൽ അവനെക്കുറിച്ച് അറിയുവാനുള്ള ഉത്സാഹം ഉണ്ടാകും. അവർക്ക് കർത്താവിനെ കൂടുതൽ സ്നേഹിക്കുവാനും സേവിക്കുവാനും കഴിവുണ്ടാകുന്നു. അവർ ക്രിസ്തുവിനു ജീവിതത്തിൽ പ്രഥമസ്ഥാനം നൽകി അവനെ അനുഗമിക്കുന്നു (യോഹ. 6:68,69). അങ്ങനെ ആത്മഫലങ്ങൾ പുറപ്പെടുവിക്കുന്നവർ ആകും. ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനമില്ലാത്തവർ ആത്മീയ അന്ധതയിൽ കഴിയുന്നു. അവർ കുരുടരും ഹ്രസ്വദൃഷ്ടിയുള്ളവരുമാണ്. ഹൃദയം ഇരുണ്ടുപോയാൽ ആത്മീയ കാര്യ ങ്ങൾ ഗ്രഹിക്കുവാൻ കഴിയുന്നതല്ല. ലോകത്തിന്റെ മോഹങ്ങളിൽ മാത്രം തല്പരരായി തീരുന്നതു ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം ഇല്ലാത്തതുകൊണ്ടാണ്. ഹൃദയദൃഷ്ടി പ്രകാശിക്കപ്പെട്ടവർക്കു മാത്രമേ ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായ രക്ഷിതാവായി കാണുവാൻ കഴികയുള്ളൂ. രക്ഷിക്കപ്പെടുമ്പോൾ പാപമോചനം ലഭിക്കുന്നു. എന്നാൽ വിശുദ്ധജീവിതം നയിക്കുവാൻ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണ്ടതുണ്ട്. അല്ലാത്തപക്ഷം പാപത്തെ പാപമായി കാണുവാൻ കഴിയാതവണ്ണം ആത്മീയദൃഷ്ടി മങ്ങിപ്പോകും. തൽഫലമായി നാം ആത്മീയ സന്തോഷം നഷ്ടപ്പെട്ടവരും ഫലശൂന്യരുമായിത്തീരും. പാപങ്ങളുടെ ശുദ്ധീകരണം മറക്കുന്നവർ ആത്മീയ പിന്മാറ്റഫലങ്ങൾ പുറപ്പെടുവിക്കും.

10-ാം വാക്യത്തിൽ രക്ഷിക്കപ്പെട്ടവർ അവരുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിക്കണം എന്ന് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. സ്നേഹവാനായ ദൈവം നമ്മെ വിളിച്ചു നിത്യജീവന്റെ അവകാശിക ളാക്കിത്തീർത്തു. അവന്റെ മക്കളായി നമ്മെ തിരഞ്ഞെടുത്തു. പാപികളും ദോഷികളുമായ നമ്മോടുള്ള ദൈവകൃപയാണ് ഈ തിരഞ്ഞെടുപ്പിൽ കാണുന്നത്. അതു കണ്ട് ആശ്ചര്യപ്പെടുകയും നന്ദി ഉള്ളവരായി ജീവിക്കയും ചെയ്യുന്ന അനുഭവം എത്ര ധന്യമാണ്. നാം ദൈവമക്കളാണെന്നു ജീവിതംകൊണ്ട് തെളിയിച്ച് ഉറപ്പുവരുത്തുവാൻ നമുക്കു കടപ്പാടുണ്ട്. പ്രവർത്തിച്ചു രക്ഷപ്പെടുകയല്ല പ്രത്യുത രക്ഷപ്പെട്ടു പ്രവർത്തിക്കുന്നതാണ് യഥാർത്ഥ ക്രിസ്തീയത്വം. അവർ പ്രലോഭനങ്ങളുടെയും പോരാട്ടങ്ങളുടെയും മുമ്പിൽ ഇടറിപ്പോകുന്നവർ ആകയില്ല. കർത്താവിൽ ആശ്രയിച്ച് അവനോടുള്ള ഭക്തിയിൽ നിലനിൽക്കുന്നവർക്കു വിശ്വാസത്തിൽ സ്ഥിരതയുള്ളവരാകുവാൻ കഴിയും. അവർ ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാള മായി പ്രാപിക്കും.

യേശുവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുന്നവരാണ് രക്ഷിക്കപ്പെട്ടവർ. യേശുക്രിസ്തു എന്ന പേരിൽ അവന്റെ മനുഷ്യത്വവും രാജ ത്വവും ഉൾപ്പെടുന്നുണ്ട്. യേശു യെഹൂദന്മാരുടെ രാജാവായി പിറന്നവനാണ് (മത്താ. 2:2). വീണ്ടും ജനിച്ചവർക്കുള്ള അനുഭവമാണ് ദൈവരാജ്യത്തിന്റെ അനുഭവം (യോഹ. 3:3,5). ഇന്ന് അത് ഒരു ആത്മീയ അനുഭവമാണ് (റോമർ 14:17). രാജാവ് ഉള്ളേടമാണല്ലോ രാജ്യം. അതുകൊണ്ടാണ് ക്രിസ്തു പരീശന്മാരോട് പറഞ്ഞത്, “ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടല്ലോ” എന്ന് (ലൂക്കൊ. 17:21). ദൈവസമാധാനവും സന്തോഷവും അനുഭവിക്കുന്നത് ദൈവരാജ്യത്തിന്റെ വർത്തമാനകാല അനുഭവമാണ്. എന്നാൽ ഭാവിയിൽ ദൈവരാജ്യത്തിന്റെ പൂർണ്ണ വെളിപ്പാടുണ്ടാകും. ക്രിസ്തുവിന്റെ വീണ്ടും വര വിൽ അവൻ ലോകരാജത്വം ഏറ്റെടുത്ത് എന്നേക്കും വാഴും (വെളി. 11:15). അതിനെ ആയിരമാണ്ടുവാഴ്ച എന്നാണ് പറയുന്നത്. ലോകത്തിലെ അഴിമതിയും അനീതിയും നീക്കി നീതിയിലും സത്യത്തിലും ക്രിസ്തു രാജാവായി വാഴുന്ന കാലഘട്ടം ആയിരിക്കും അത്. അതാണ് ഭൂമിയിലെ സ്വർഗ്ഗരാജ്യം (വെളി. 20:4-6). അതിന്റെ പിന്നീടുള്ള അനുഭവം അതിലും മനോഹരമാണ്. ആയിരമാണ്ടുവാഴ്ചയ്ക്കുശേഷം ദൈവം പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാക്കും. അന്നു ക്രിസ്തു പാപത്തിന്റെ ഫലമായി നഷ്ടപ്പെട്ടുപോയ സകലത്തെയും വീണ്ടെടുത്തശേഷം പിതാവിനെ സകലവും ഏല്പി ക്കും (1 കൊരി. 15:24). അത് നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ആയിരിക്കും (3:13). അതിനായിട്ടു കാത്തിരിക്കുന്നവരാണ് വിശ്വാസികൾ. വിശ്വാസത്തിൽ ഇടറിപ്പോകാത്തവർക്ക് ആ നിത്യസൗഭാഗ്യത്തിലേക്കുള്ള പ്രവേശനം ഉണ്ടാകും എന്ന് ഓർമ്മിപ്പിക്കുന്നു. ക്രിസ്തീയ ജീവിതം വിരുതിലേക്കുള്ള ഓട്ടമാണ്. പരീക്ഷകളും പോരാട്ടവുമുള്ള ജീവിതമാണ് അത്. അതിൽ ഇടറിപ്പോകാതെ കഷ്ടം സഹിച്ചാൽ കർത്താവിനോടു കൂടെ വാഴും (2 തിമൊ. 2:11). ആ സമൃദ്ധിയായ അനുഭവം ഉള്ളവരാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## വിശ്വാസികൾ ഓർത്തിരിക്കേണ്ട കാര്യങ്ങൾ (1:12-18)

പത്രൊസ് തന്റെ നിര്യാണത്തെക്കുറിച്ചു ബോധവാനായിരുന്നു. എങ്കിലും ആത്മീയ ഉത്സാഹമുള്ളവനായി വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതായി കാണുന്നു. നാം മറവി ഉള്ളവരാകയാലാണ് ഓർമ്മിപ്പിക്കേണ്ടി വരുന്നത്. വിശ്വാസികൾ സത്യത്തിൽ ഉറച്ചുനിൽക്കുന്നവർ ആകണം. അത് വെളിപ്പെടുത്തിത്തന്നിട്ടുള്ള സത്യമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ളതാണ് ആ സത്യങ്ങൾ. ദൈവവചനമായ ബൈബിൾ പ്രവാചകന്മാർ മുഖാന്തരം വെളിപ്പെടുത്തിയതും പുത്രൻ മുഖാന്തരം പൂർത്തിയാക്കപ്പെട്ടതുമായ ദൈവിക സത്യ ങ്ങളുടെ ആകെത്തുകയാകുന്നു (എബ്രാ. 1:1,2). അതിൽ വിശ്വാസികൾ ഉറച്ചു നിൽക്കുന്നവർ ആകണം. മനുഷ്യർ രൂപപ്പെടുത്തിയ ഉപദേശങ്ങളിലും ആചാര ങ്ങളിലും പാരമ്പര്യങ്ങളിലും നാം ആശ്രയിക്കുന്നവർ ആകരുത്. നമ്മുടെ ജീവനും ഭക്തിക്കും ആവശ്യമുള്ളതൊക്കെയും ദൈവം തന്റെ വചനത്തിൽ നൽകിയിട്ടുണ്ട്.

പത്രൊസിന് തന്റെ മരണത്തെക്കുറിച്ചു ഭയം ഉണ്ടായിരുന്നില്ല. കൂടാരം പൊളിഞ്ഞുപോകുന്ന അനുഭവമായി മരണത്തെ താൻ കണ്ടിരുന്നു. ശരീരമാകുന്ന ഭൗമഭവനം അഴിഞ്ഞുപോയാൽ നിത്യഭവനം അഥവാ തേജസ്കരിക്കപ്പെട്ട ശരീരം ലഭിക്കും എന്നു തനിക്ക് ഉറപ്പുണ്ടായിരുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനം അതിന്റെ ഉറപ്പ് നമുക്ക്

നൽകുന്നു. ഒരു ദൈവപൈതലിനു മരണം മർത്യമായ ശരീരത്തിൽനിന്നും വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെയാകുന്ന അനുഭവം ആണ്. ഈ പരിജ്ഞാനം എത്ര ശ്രേഷ്ഠമാകുന്നു (2 കൊരി. 5:8). ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം മറ്റുള്ളവരെ വിശ്വാസത്തിൽ സ്ഥിരതയുള്ളവരാക്കുവാൻ പത്രൊസിനെ പ്രാപ്തനാക്കി. ആ ഉത്തമ മാതൃക അനുകരിക്കുവാൻ നമുക്കും ഇടയാകട്ടെ.

16-ാം വാക്യത്തിൽ അപ്പൊസ്തലന്മാർ ക്രിസ്തുവിനെക്കുറിച്ച് സാക്ഷിച്ചത് എങ്ങനെ എന്ന് വ്യക്തമാക്കുന്നു. അത് മനുഷ്യരുടെ നിർമ്മിതകഥയായിരുന്നില്ല. അന്ന് യെഹൂദന്മാരുടെ ഇടയിൽ സത്യത്തെക്കാൾ കൂടുതൽ കെട്ടുകഥകൾക്കു പ്രാധാന്യം ഉണ്ടായിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. ഇന്ന് മാനുഷിക ഉപദേശങ്ങൾക്കും പാരമ്പര്യങ്ങൾക്കും പലരും പ്രാധാന്യം നൽകുന്നു എന്നത് ഒരു ദുഃഖസത്യമാണ്. അപ്പൊസ്തലന്മാർ ക്രിസ്തുവിന്റെ മഹിമ കണ്ട സാക്ഷികൾ ആയിരുന്നു (ലൂക്കൊ. 9:28-36). “ഇവൻ എന്റെ പ്രിയപുത്രൻ, ഇവനു ചെവികൊടുപ്പിൻ” എന്ന പിതാവായ ദൈവത്തിന്റെ സാക്ഷ്യം കേട്ടവരാണ് അവർ. ക്രിസ്തു പിതാവിൽനിന്നു തേജസ്സും മാനവും ലഭിച്ചവനായിരുന്നു. അവൻ സകലരുടെയും ബഹുമാനത്തിനു സർവ്വദാ യോഗ്യൻ ആകുന്നു. അവന്റെ മഹത്വം രുചിച്ചറിഞ്ഞവർക്കു മാത്രമേ ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികൾ ആകുവാൻ കഴികയുള്ളൂ.

## ദൈവവചനം വിശ്വാസയോഗ്യമാകുന്നു (1:19-21)

ദൈവവചനം മാറ്റമില്ലാത്തതാണ്. പ്രവാചകന്മാർ ക്രിസ്തുവിനെക്കുറിച്ചു രേഖപ്പെടുത്തിത്തന്നതു നിർമ്മിത കഥകളായിട്ടല്ലായിരുന്നു. ക്രിസ്തു തിരുവെഴുത്തുകളിൻപ്രകാരം മരിച്ചുയിർത്തെഴുന്നേറ്റവനാണ്. ദൈവവചനം ഹൃദയത്തിൽ കരുതിക്കൊള്ളുവാൻ ആവശ്യം ഉണ്ട്. ഉദയനക്ഷത്രം ഉദിക്കുന്നതുവരെ അതു കരുതിക്കൊള്ളണം. ഉദയനക്ഷത്രം നമ്മുടെ കർത്താവിനെ യാണല്ലോ കാണിക്കുന്നത് (വെളി. 22:16). അവന്റെ വരവാണ് നേരം വെളുക്കുന്ന സമയം. ഇന്ന് ലോകം ഇരുട്ടിലാണ്. വെളിച്ചത്തേക്കാൾ കൂടുതൽ ഇരുട്ടിനെ സ്നേഹിക്കുന്ന പ്രവണത എവിടെയും കാണാം. ദൈവവചനമാണ് ദൈവമക്കൾക്കു വെളിച്ചം ഇന്നു നൽകുന്നത് (സങ്കീ. 119:105). ക്രിസ്തുവിനു മാത്രമേ ഹൃദയങ്ങളിൽ പ്രകാശം നൽകുവാൻ കഴികയുള്ളൂ. കർത്താവ് വരുന്നതുവരെ നാം ഇരുട്ടിൽക്കൂടെ യാത്ര ചെയ്യേണ്ടവരാകുന്നു. ദൈവവചനം അനുസരി ക്കുമ്പോൾ ഇരുട്ടിൽ തപ്പിനടക്കേണ്ടിവരില്ല. കർത്താവ് വരുമ്പോൾ നീതിസൂര്യൻ ഉദിക്കയും നാം അവന്റെ വെളിച്ചത്തിൽ നിത്യത മുഴുവൻ നടക്കുന്നവരും ആകും.

20-ാം വാക്യത്തിൽ പ്രവചനങ്ങൾ എങ്ങനെ ഉണ്ടായി എന്നു പ്രസ്താവിക്കുന്നു. അതു സ്വയമായ വ്യാഖ്യാനത്താൽ ഉളവായതല്ല. പഴയനിയമ പ്രവാചകന്മാർക്കു ദൈവം ക്രിസ്തുവിനെക്കുറിച്ചു വെളിപ്പെടുത്തിക്കൊടുത്ത കാര്യങ്ങളാണ് അവർ രേഖപ്പെടുത്തിയത് (യെശ. 7:14). അവയെല്ലാം വ്യാഖ്യാനിക്കുവാനോ മനസ്സിലാക്കുവാനോ അവർക്കു കഴിഞ്ഞിരുന്നില്ല. എന്നാൽ അവ ക്രിസ്തുവിൽ നിവൃത്തിയായി എന്നുള്ളതു സത്യമാകുന്നു (സങ്കീ. 22:1; മർക്കൊ. 15:34). പ്രവചനങ്ങൾ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചു സംസാരിച്ചതത്രെ. പ്രവാചകന്മാരിൽ യഹോവയുടെ ആത്മാവ് ഉണ്ടായിരുന്നു (2 ശമൂ. 23:2). അവർ കേവലം ഒരു യന്ത്രമായിട്ടല്ല പ്രവർത്തിച്ചത്. പ്രത്യുത പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിൽ അവരുടെ കഴിവും ബുദ്ധിയുംകൊണ്ടു ദൈവത്തിന്റെ ആലോചനകൾ മനസ്സിലാക്കി രേഖപ്പെടുത്തുവാൻ അവർ പ്രാപ്തരായി. അതാണ് പരിശുദ്ധാത്മനിയോഗം കൊണ്ടുള്ള ആശയം. മനുഷ്യജ്ഞാനംകൊണ്ട് ദൈവിക ആലോചനകൾ ഗ്രഹിക്കുവാൻ കഴിയുന്നതല്ല. തിരുവെഴുത്തിലെ ക്രിസ്തുവിനെ കണ്ടുകൊണ്ടുള്ള ഒരു ക്രിസ്തീയ ജീവിതം നമുക്കു നയിക്കാം. ദൈവം അതിനു നമ്മെ സഹായിക്കട്ടെ.

# അദ്ധ്യായം 2

## ദുരുപദേഷ്ടാക്കന്മാരെക്കുറിച്ചുള്ള മുന്നറിയിപ്പ് (2:1-14)

ദൈവജനത്തിന്റെ ഇടയിൽ ദുരുപദേഷ്ടാക്കന്മാർ ഏതു കാലത്തും ഉണ്ടായിരുന്നു. അവർ ദൈവിക അരുളപ്പാടുകൾ അനുസരിക്കുന്ന ദൈവജനത്തെ തെറ്റിക്കുവാൻ ശ്രമിക്കുന്നവർ ആണ്. അവരുടെ ലക്ഷ്യം ദൈവജനത്തെ ദൈവത്തിൽനിന്നും അകറ്റി ദൈവത്തിനു പ്രയോജനമില്ലാത്തവർ ആക്കുക എന്നതാണ്. ഭക്തിയുടെ വേഷം ധരിച്ചുകൊണ്ടു വെളിച്ചദൂതന്മാരായി അവർ പ്രത്യക്ഷപ്പെടുന്നു. ഇവരെ തിരിച്ചറിയുക എന്നതു വളരെ പ്രയാസമുള്ള കാര്യമാണ്. ദുരുപദേഷ്ടാക്കന്മാർ തെറ്റായ ഉപദേശങ്ങൾ പഠിപ്പിക്കുന്നവരാകുന്നു. അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ച് തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കുതന്നെ ശീഘ്രനാശം വരുത്തും എന്നത്രെ പത്രൊസ് പറയുന്നത്.

കർത്താവ് സഭയ്ക്ക് ഉപദേഷ്ടാക്കന്മാരെ നൽകിയിരുന്നു (എഫെ. 4:11). ദൈവവചനം ഒട്ടും മറച്ചുവെയ്ക്കാതെ ഉപദേശിച്ച് ദൈവജനത്തെ ക്രിസ്തുവിൽ സ്ഥിരതയുള്ളവരാക്കുവാൻ അവർക്കു ചുമതലയുണ്ടായിരുന്നു. അവർ ദൈവത്തോടും ദൈവജനത്തോടും വിശ്വസ്തതയും നല്ല മനസ്സാക്ഷിയും പുലർത്തിക്കൊണ്ടു ചെയ്യേണ്ടിയിരുന്ന ശുശ്രൂഷയായിരുന്നു അത്. ദുരുപദേഷ്ടാക്കന്മാർ സ്വയം കടന്നുവന്നവരും അവരുടെ ഉപദേശംമൂലം ദൈവജനത്തിന്റെ മദ്ധ്യത്തിൽ ഭിന്നത സൃഷ്ടിക്കുന്നവരും ആയിരുന്നു. അവരുടെ ധർമ്മോപദേശം മറ്റുള്ളവരെ വശീകരിക്കുവാൻ കഴിവുള്ളതാണ്. അവർ സ്വന്തസ്ഥാനവും അധികാരവും ആഗ്രഹിക്കുന്നു. അവരുടെ ജ്ഞാനമെന്നു വ്യാജമായി പേർ പറയുന്ന ഭക്തിവിരുദ്ധമായ വ്യർത്ഥാലാപങ്ങളും തർക്കസൂത്രങ്ങളും ദൈവജനം ഒഴിഞ്ഞിരിക്കണം (1 തിമൊ. 6:20). ക്രിസ്തുവിനെ പാപികളുടെ രക്ഷകനായി അവതരിപ്പിക്കുന്നതിനു പകരം പാവങ്ങളുടെ ഉദ്ധാരക

നായി അവതരിപ്പിക്കുന്നവർ ക്രിസ്തുവിന്റെ കർത്തൃത്വത്തെ നിഷേധിക്കുന്നവരാണ്. അവർ ക്രിസ്തുവിലുള്ള നിത്യ രക്ഷയെ അനുഭവിക്കാത്തവരും ഭക്തിയുടെ വേഷം ധരിക്കുന്നവരുമാണ്. അവർക്ക് നിത്യന്യായവിധി ഉണ്ടാകും.

2-ാം വാക്യത്തിൽ ദുരുപദേഷ്ടാക്കന്മാരുടെ പ്രവൃത്തികളുടെ ദോഷം ചൂണ്ടിക്കാണിക്കുന്നു. അവരുടെ ദുഷ്കാമപ്രവൃത്തികളെ പലരും അനുകരിക്കും. അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും. ജഡത്തെ അനുസ രിച്ചു ജീവിക്കുന്നവർ ദുഷ്കാമപ്രവൃത്തികൾക്ക് അടിമപ്പെടുന്നു (ഗലാ. 5:19). ഹൃദയം കഠിനപ്പെടുത്തി മനസ്സാക്ഷി തഴമ്പിച്ചുപോയവരാണ് ഇവർ. ഏത് അശുദ്ധിയും പ്രവർത്തിക്കുവാൻ ഇക്കൂട്ടർക്കു മടിയില്ല. ഇവർ മൂലം ദൈവ ത്തിന്റെ സത്യമാർഗ്ഗം അഥവാ സഭ ദുഷിക്കപ്പെടും. ദൈവവചനം അനുസരിച്ചു ക്രിസ്തുവിനെ അനുകരിക്കുന്ന വർ കുറയുവാൻ കാരണമാകും. ദുരുപ ദേഷ്ടാക്കന്മാർ ആത്മാക്കളെക്കുറിച്ചുള്ള ഭാരമോ ദൈവവചനത്തോടുള്ള സ്നേഹമോ ഉള്ളവരല്ല. അവരുടെ ലക്ഷ്യം പണസമ്പാദനമാണ്. അതിനുവേണ്ടി ഭക്തിയുടെ വേഷം ധരിച്ചു കൗശ ലവാക്കുകൾ ഉപയോഗിക്കുന്നു. അവരുടെ വഞ്ചനയിൽ പാവങ്ങൾ കുടുങ്ങിപ്പോകുന്നു എന്നുള്ളത് ഒരു ദുഃഖസ ത്യമാകുന്നു. ഇവർക്കുള്ള ന്യായവിധി പണ്ടുതന്നെ ദൈവം നിശ്ചയിച്ചിട്ടുള്ളതാണ്. അവർക്കുണ്ടാകുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ചു വ്യക്തമാക്കുവാൻ പഴയനിയമത്തിൽനിന്നു മൂന്നു സംഭവങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. ദൂത ന്മാരുടെ പാപം, ജലപ്രളയം, സൊദോം ഗൊമോറ എന്നീ പട്ടണങ്ങൾ. ദൈവം പാപത്തെ നീതിയോടെ ശിക്ഷിക്കു ന്നവനും അപ്പോൾ തന്നെ തന്റെ ജനത്തെ രക്ഷിച്ചു പരിപാലിക്കുന്നവനും ആകുന്നു.

ദൂതന്മാർ തങ്ങളുടെ വാഴ്ച കാത്തുകൊണ്ടില്ല എന്നതായിരുന്നു അവരുടെ പതനത്തിനു കാരണം. ദൈവം നൽകിയ ഉത്തരവാദിത്വങ്ങളിൽ വിശ്വസ്തരായിരിക്കണം. വീണുപോയ ദൂതന്മാരെ അന്ധതമസ്സിൽ ചങ്ങലയിട്ട് അന്ത്യന്യായവിധിക്കായി സൂക്ഷിച്ചിരിക്കുന്നു. ദൂതന്മാർക്കുണ്ടായ ശിക്ഷയുടെ കാഠിന്യം ദുരുപദേഷ്ടാക്കന്മാരുടെ മേലുണ്ടാകുവാൻ പോകുന്ന ന്യായവിധി വിട്ടുവീഴ്ചയില്ലാത്തതായിരിക്കും എന്നു കാണിക്കുന്നു.

നോഹയുടെ കാലത്തു ഭക്തികെട്ടവരുടെ മേൽ ദൈവത്തിന്റെ ന്യായവിധി ഉണ്ടായി. അവർ ദൈവികബോധം ഇല്ലാത്തവരായിരുന്നു. ദൈവത്തെക്കാൾ കൂടുതൽ ഭൗതിക സുഖസൗകര്യങ്ങളിൽ ആനന്ദിച്ചു. വിവാഹത്തിനു കൊടുത്തും വിവാഹം കഴിച്ചും സംതൃപ്തരായി. ദൂതന്മാർ സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ചതിന്റെ ഫലമായി ട്ടല്ല ന്യായവിധി ഉണ്ടായത്. പ്രത്യുത ഭൂമി യിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചതുകൊണ്ടാണ് (ഉല്പ. 6:5). ദൂതന്മാർ സ്ത്രീകളെ വിവാഹം ചെയ്തു എന്ന വ്യാഖ്യാനം യെഹൂദ പാരമ്പര്യത്തിൽ നിന്നും വന്നതാണെന്ന് അഭിപ്രായ പ്പെടുന്നു. ദൈവം ജലപ്രളയത്താൽ ലോക ത്തെ ന്യായം വിധിച്ചപ്പോൾ നീതിപ്രസംഗിയായ നോഹയെയും കുടും ബത്തെയും പരിപാലിച്ചു. നോഹ ദൈവകൃപ ലഭിച്ചവനും നീതീകരിക്കപ്പെട്ടവനുമായിരുന്നു. അതു തന്റെ പ്രവൃത്തി കളിൽക്കൂടി വെളിപ്പെടുത്തി. അവൻ അനീതി നിറഞ്ഞ ലോകത്തിൽ നീതിമാനും നിഷ്കളങ്കനുമായി ജീവിച്ചു. തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം തീർത്തു. ദൈവത്തിന്റെ നീതിയുള്ള ന്യായവിധി വരുന്നു എന്നു വിളംബരം ചെയ്തുകൊണ്ടു ലോക ത്തെ അവൻ കുറ്റം വിധിച്ചു. അതു ദിനംപ്രതി അറിയിച്ചുകൊണ്ടിരുന്ന താണ് നോഹയുടെ നീതിപ്രസംഗം. ജലപ്രളയം ദുരുപദേഷ്ടാക്കൾക്കു വരുവാൻ പോകുന്ന ന്യായവിധിയെ കാണി ക്കുന്നു.

6-8 വരെയുള്ള വാക്യങ്ങൾ സൊദോം ഗൊമോറയ്ക്കു സംഭവിച്ച ന്യായവിധിയെക്കുറിച്ചു ചൂണ്ടിക്കാണിക്കു ന്നു. സൊദോം നശിപ്പിക്കുന്നതിനുമുമ്പ് അതു യഹോവയുടെ തോട്ടംപോലെ ആയിരുന്നു (ഉല്പ. 13:10). ലോത്ത് ആ പ്രദേശം തിരഞ്ഞെടുത്തതും അതുകൊണ്ടായിരിക്കാം. എന്നാൽ അവിടെയുള്ള മനുഷ്യർ ദുഷ്ടന്മാരും മഹാ പാപികളും ആയിരുന്നു. അവർ അധർമ്മികളും ദുഷ്കാമപ്രവൃത്തികളിൽ രസിക്കുന്നവരും മലിനമോഹികളും കർത്തൃ ത്വത്തെ നിന്ദിക്കുന്നവരും ആയിരുന്നു. അതാണ് സൊദോമ്യപാപത്തിന്റെ ലിസ്റ്റ്. അവർ ദൈവത്തിന്റെ ന്യായ വിധിക്ക് യോഗ്യരായി. അവരുടെ ഇടയിൽ നീതിമാനായ ലോത്ത് നീതിയുള്ള മനസ്സു നൊന്തു വസിച്ചു. എങ്കിലും ലോത്ത് ആ പ്രവൃത്തി ചെയ്തില്ല. അധർമ്മികളുടെ ഇടയിൽ നീതി ചെയ്തു ജീവിക്കു ന്നതാണ് ഭക്തി. അങ്ങനെ യുള്ളവരെ കർത്താവ് പരീക്ഷയിൽനിന്നും വിടു വിക്കും എന്ന് ലോത്തിന്റെ ജീവിതം വ്യക്തമാക്കുന്നു. ദൈവിക പ്രമാണ ങ്ങൾക്ക് വിരുദ്ധമായി ജീവിക്കുന്നതാണ് അധർമ്മം. അതുകൊണ്ട് നിറഞ്ഞ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകുന്നു. ആ സാഹചര്യത്തിലും കർത്താവിനു വേണ്ടി ജീവിക്കുവാൻ നമുക്ക് കടപ്പാടുണ്ട്.

കർത്താവിനുള്ളവരെ അവൻ അറിയുന്നു. ലോകം അവരെ അറിയുകയോ അംഗീകരിക്കുകയോ ചെയ്യുകയി ല്ല. തനിക്കുള്ളവരെ വിടുവിക്കു വാനും കർത്താവ് ശക്തിയുള്ളവനാകുന്നു. നീതികെട്ടവർ മലിനമോഹം ഉള്ളവ രാണ്. ജഡത്തെ അനുസരിച്ച് അവർ നടക്കുന്നു. കർത്തൃത്വത്തെ നിന്ദിക്കുന്നു. ദൈവത്തെക്കുറിച്ച് അറിഞ്ഞിട്ടും അവനെ അനുസരിക്കാത്തവരാണ് നീതികെട്ടവർ. ഭൗതിക കാര്യങ്ങളോടുള്ള ആസക്തി അവരിൽ വർദ്ധിച്ച് ജഡത്തെ അനുസരിച്ച് അവർ ജീവിക്കുന്നു. ദൈവം ആക്കിവെച്ച അധികാരങ്ങൾക്ക് അവർ വിധേയപ്പെടുന്നില്ല. ആർക്കും കീഴ്പ്പെടാത്ത സ്വഭാവമുള്ളവരാകുന്നു ദുരുപദേഷ്ടാക്കന്മാർ. ഇപ്പോൾ തന്നെ അവർ ന്യായവിധിക്കു വിധേയ രാ ണ്. അന്ത്യന്യായവിധിക്കായി അവർ ഇപ്പോൾ സൂക്ഷിക്കപ്പെടുന്നു (വെളി. 20:11-15). ദുരുപദേഷ്ടാക്കന്മാർ ധിക്കാരി കളും മഹിമകളെ ദുഷിക്കുന്നവരുമാണ്. മനുഷ്യരേക്കാൾ ബലവും ശക്തിയുമുള്ളവരാണ് ദൂതന്മാർ എങ്കിലും ദൂഷണവിധി ഉച്ചരിക്കാത്തവരായി ദൈവകല്പനകൾ അനുസരിക്കുന്നു. എന്നാൽ ദുരുപദേഷ്ടാക്കന്മാർ അറിയാ ത്തതിനെ ദുഷിക്കയാൽ അനീതി ചെയ്ത് സ്വന്തവഷളത്തത്താൽ നശിച്ചുപോകുന്ന ബുദ്ധിയില്ലാത്ത മൃഗ ങ്ങൾക്കു തുല്യരാണ്. അവർ ചെയ്യുന്ന വഷളത്തം തന്നെ അവരുടെ നാശത്തിനു കാരണം ആകും.

ദൈവമക്കളുടെ സ്നേഹസദ്യയെ സ്വന്തമോഹങ്ങൾ തൃപ്തിപ്പെടുത്തുവാനുള്ള വേദികളാക്കുന്നവരാണ് ദുരുപദേഷ്ടാക്കൾ. താൽക്കാലിക സുഖം കണ്ടെത്തുവാൻ പരിസരബോധമില്ലാതെ പെരുമാറുവാൻ ഇവർ മടിക്കുന്നില്ല. ദൈവമക്കൾ തമ്മിലുള്ള സ്നേഹബന്ധത്തെ സ്വന്തതാല്പര്യങ്ങൾക്കായി മുതലെടുക്കുന്ന കഠിനഹൃദയം അവർക്കുണ്ട്. അവർ പാപം കണ്ട് തൃപ്തിപ്പെടാത്തവരാകുന്നു. കൂടാതെ പുതുതായി രക്ഷിക്കപ്പെട്ടവരും വിശ്വാസത്തിൽ സ്ഥിരതയില്ലാത്തവരുമായ വിശ്വാസികളെ വശീകരിക്കുന്നവരാണ്. പണസമ്പാദനത്തിനായി എന്തു വേഷവും കെട്ടുവാൻ ഇവർ മടിക്കുന്നില്ല. മനസ്സാക്ഷി തഴമ്പിച്ച ശാപയോഗ്യരായ സാത്താന്റെ ശുശ്രൂഷക്കാരാകുന്നു ദുരുപദേഷ്ടാക്കന്മാർ. അവർ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്.

### ദുരുപദേഷ്ടാക്കന്മാരുടെ ലക്ഷണം (2:15-22)

ദുരുപദേഷ്ടാക്കന്മാരെ കള്ളപ്രവാചകനായ ബിലെയാമിനോട് ഉപമിച്ചിരിക്കുന്നു. അവനിൽ നേരില്ലായിരുന്നു. അനീതിയുടെ കൂലി കൊതിച്ച വനാണ്. ബിലെയാമിന്റെ ഉപദേശം വഞ്ചനയുടെ ഉപദേശം ആയിരുന്നു (സംഖ്യാ. 22-25). അവന്റെ വഴി നാശകരം ആയിരുന്നു. അവൻ വ്യക്തമായ ദൈവകല്പന അനുസരിച്ചില്ല. അവൻ ദൈവത്തിന്റെ അനുഗ്രഹത്തേക്കാൾ രാജാവിന്റെ ആനുകൂല്യവും അനുഗ്രഹവും ആഗ്രഹിച്ചു. അവന്റെ ഭക്തി കപടഭക്തിയായിരുന്നു. അവൻ ബുദ്ധിയില്ലാത്ത മൃഗത്തെകൊണ്ട് ബുദ്ധി പഠി ക്കേണ്ട നികൃഷ്ടബുദ്ധിയുള്ളവനാകുവാൻ അവന്റെ ദ്രവ്യാഗ്രഹവും കപടഭക്തിയും കാരണമായി. ദുരുപദേഷ്ടാക്കന്മാർ ദൈവിക ആലോചനകൾ അംഗീകരിക്കുവാൻ കഴിയാതവണ്ണം കപടഭക്തിയിൽ മയങ്ങിക്കഴിയുന്നവരാണ്. അവരുടെ വഞ്ചനയിൽ അകപ്പെടാതെ ബുദ്ധിയുള്ളവരാകുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

17-ാം വാക്യത്തിൽ ദുരുപദേഷ്ടാക്കന്മാരെ വെള്ളമില്ലാത്ത കിണറുകളോടും കൊടുങ്കാറ്റുകൊണ്ട് ഓടുന്ന മഞ്ഞുമേഘങ്ങളോടും സാദൃശീകരിക്കുന്നു. വെള്ളമില്ലാത്ത കിണറുകൾ പ്രയോജനശൂന്യം ആകുന്നു. ക്രിസ്തു ജീവജലത്തിന്റെ ഉറവയാണ്. ദുരുപദേഷ്ടാക്കന്മാർ വെറും പൊട്ടക്കിണറുകൾ മാത്രമാകുന്നു (യിരെ. 2:13). ജീവജലനദി പരിശുദ്ധാത്മാവിനെ കാണിക്കുന്നു (യോഹ. 7:37,38). യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടവർ പരിശുദ്ധാത്മാവുള്ളവരും ആത്മഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ആയിരിക്കും (റോമർ 8:9). മഞ്ഞുമേഘങ്ങൾ കാറ്റുകൊണ്ട് ഓടുന്നവയും സ്ഥിരതയില്ലാത്തതുമാകുന്നു. എന്നാൽ വെള്ളമുള്ള മേഘങ്ങൾ കാറ്റടിക്കുമ്പോൾ മഴയായി മാറുകയും മറ്റുള്ളവർക്ക് അനുഗ്രഹമായി തീരുകയും ചെയ്യും. വിശ്വാസികൾ അതിനു തുല്യരാകുന്നു. അവർ ഉപദേശത്തിൽ സ്ഥിരതയുള്ളവരും മറ്റുള്ളവർക്ക് ആത്മീയ അനുഗ്രഹം പകരുന്നവരും ആയിരിക്കും. ദുരുപദേഷ്ടാക്കന്മാർ കൂരിരുട്ടിനായി സൂക്ഷിക്കപ്പെട്ടവരാകുന്നു. കൂരിരുട്ട് നരകത്തെ കാണിക്കുന്നു. അവർ ഇരുട്ടിന്റെ പ്രവൃത്തികളിൽ ആനന്ദിക്കുന്നവരും അതിലേക്ക് മറ്റുള്ളവരെ വശീകരിക്കുന്നവരുമാണ്. പുതുതായി രക്ഷിക്കപ്പെടുന്നവരെ കുടുക്കിലാക്കുവാൻ ഉപദേശങ്ങൾ തെറ്റായി വ്യാഖ്യാനിക്കയും ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തെ ദുഷ്കാമവൃത്തിക്കായി ദുർവിനിയോഗം ചെയ്യുവാൻ പ്രേരിപ്പിക്കയും ചെയ്യുന്നു. ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം എന്തും ചെയ്യുവാനുള്ള സ്വാതന്ത്ര്യം അല്ല. അതു പാപത്തിൽനിന്നു വിടുതലും സൽപ്രവൃത്തികൾ ചെയ്യുവാൻ ശക്തിയും നൽകുന്ന സ്വാതന്ത്ര്യമാകുന്നു (ഗലാ. 5:13). പാപത്തിന് അടിമകളായിരിക്കുന്നവരുടെ ഉപദേശം ആത്മീയസ്വാതന്ത്ര്യം നൽകുവാൻ പര്യാപ്തമല്ല. ക്രിസ്തുവിന്റെ അടിമകൾ ആകുവാൻ മനസ്സുള്ളവർക്കു മാത്രമേ പാപത്തിൽനിന്നുള്ള സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ.

20-22 വരെയുള്ള വാക്യങ്ങളിൽ ദുരുപദേഷ്ടാക്കന്മാരുടെ ദയനീയസ്ഥിതിയാണ് വിശദീകരിക്കുന്നത്. ഇവർ യോഹന്നാന്റെ പ്രസംഗം കേട്ടു മാനസാന്തര പ്പെട്ടവരാണ്. യേശുവിന്റെ ഉപദേശവും അത്ഭുതങ്ങളും കേട്ടവരും കണ്ടവരുമായിരുന്നു. എന്നാൽ ക്രിസ്തുവിനെ ഹൃദയത്തിൽ കർത്താവായി വാഴിച്ചിരുന്നില്ല. അവന്റെ കർത്തൃത്വത്തിനു കീഴ്പ്പെട്ടു ജീവിക്കുവാൻ അവർക്കു മനസ്സുണ്ടായിരുന്നില്ല. അവർ രക്ഷയുടെ അനുഭവം ഉള്ളവരല്ല. ബുദ്ധികൊണ്ട് ആത്മീയസത്യങ്ങൾ ഗ്രഹിച്ചതുകൊണ്ട് രക്ഷിക്കപ്പെടുകയില്ല. അവർ ലോകത്തിന്റെ ഉപദേശങ്ങളാൽ വഞ്ചിക്കപ്പെടാവുന്നതാണ്. ലോകത്തിന്റെ മാലിന്യത്താൽ തോറ്റുപോകുന്ന അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിലും ദയനീയമാണ്. അത് വ്യക്തമാക്കുവാൻ ഇവിടെ രണ്ടു പഴഞ്ചൊല്ലുകൾ ഉദ്ധരിച്ചിരിക്കുന്നു. “സ്വന്തഛർദ്ദിക്ക് തിരിഞ്ഞ നായ്, കുളിച്ചിട്ട് ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നി.” ഈ ജീവികൾ അശുദ്ധവർഗ്ഗത്തിൽപ്പെട്ടതാണ്. ദൈവത്തിനു വെറുപ്പാകുന്നു. ദൈവം വെറുക്കുന്ന കാര്യങ്ങൾ ദൈവജനവും വെറുക്കണം. വീണ്ടും ജനിച്ചവർ ദിവ്യസ്വഭാവം ഉള്ളവരാണ് (2 കൊരി. 5:17). അവർക്കു മാത്രമേ ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതം നയിക്കുവാൻ കഴിക യുള്ളൂ. മതഭക്തികൊണ്ടോ പാണ്ഡിത്യംകൊണ്ടോ അതു സാദ്ധ്യമല്ല. ദുരുപ ദേഷ്ടാക്കന്മാർ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. വൃതന്മാരെപ്പോലും തെറ്റിക്കുവാൻ ശ്രമിക്കും എന്നു കർത്താവ് പറഞ്ഞിട്ടുണ്ട്. അവരുടെ വഞ്ചനയിൽ അകപ്പെടാതിരിക്കുവാനുള്ള ബുദ്ധിയുപദേശമാണ് പത്രൊസ് നൽകുന്നത്. അതിനു നമുക്ക് ഇടയാകട്ടെ.

## അദ്ധ്യായം 3

### വിശ്വാസികൾ ഓർമ്മിക്കേണ്ട കാര്യങ്ങൾ (3:1,2)

മൂന്നാം അദ്ധ്യായം ആരംഭിക്കുന്നത് സ്നേഹത്തിന്റെ സംബോധനയോടെയാണ്. ദൈവമക്കൾ അന്യോന്യം സ്നേഹബന്ധമുള്ളവരും പ്രബോധിപ്പിക്കേണ്ടവരും ആകുന്നു. നാം കർത്താവിന്റെ കല്പനകൾ ഓർമ്മിക്കുവാൻ

ആവശ്യം ഉള്ളവരാണ്. അപ്പോൾ നമ്മുടെ പരമാർത്ഥ മനസ്സ് ഉണർത്തപ്പെടും. നമ്മുടെ മനസ്സ് ശുദ്ധിയുള്ളതായിരിക്കുവാൻ ദൈവവചനം ഒഴിച്ചുകൂടാത്തതാകുന്നു (യോഹ. 17:17). ദൈവവചനം നമുക്ക് ബുദ്ധിയുപദേശം നൽകുന്നു (റോമർ 15:4). അത് ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി വെളിപ്പെടുത്തുന്നു. കർത്താവ് എന്ന പദം യഹോവയെ കാണിക്കുന്നു. യേശു എന്ന നാമം രക്ഷിതാവിന്റെ നാമം ആണ്. ക്രിസ്തു എന്ന പദത്തിന് അഭിഷിക്തനായ രാജാവ് എന്നാണ് ആശയം. നാം ക്രിസ്തുവിന്റെ കല്പനകൾ അറിയിക്കുന്നവർ ആകണം. അവൻ നൽകിയ ഏറ്റവും പ്രധാനപ്പെട്ട കല്പന നാം അന്യോന്യം സ്നേഹിക്കണം എന്നത്രെ (യോഹ. 13:34).

## പരിഹാസികൾക്കുള്ള മുന്നറിയിപ്പ് (3:3-14)

ദൈവമക്കൾ അന്ത്യകാലത്തെ പരിഹാസികളെക്കുറിച്ച് അറിവുള്ളവർ ആയിരിക്കണം. അവർ സ്വന്തമോഹങ്ങളെ അനുസരിച്ച് നടക്കുന്ന ദുരുപദേഷ്ടാക്കന്മാരാകുന്നു. ദൈവവചനം അനുസരിക്കുവാൻ മനസ്സില്ലായ്കകൊണ്ട് അവർ അത് പുച്ഛിച്ചു പുറംതള്ളുന്നു. അവർ യുക്തിവാദികൾ ആണ്. ക്രിസ്തു വീണ്ടും വരുമെന്നുള്ള ഉപദേശം അന്ധവിശ്വാസമായി അവർ കരുതുന്നു. സുഖജീവിതമാണ് അവരുടെ ജീവിതലക്ഷ്യം. ഈ പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നത് അവരുടെ യുക്തിക്കു നിരക്കാത്ത ആശയം ആകയാൽ അവർ അതു മനസ്സോടെ മറന്നുകളയുന്നു. പ്രപഞ്ചം പൊട്ടിത്തെറിമൂലമോ, പരിണമിച്ചോ ഉണ്ടായതാണെന്നുള്ള ഊഹാപോഹങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന ആശയമാണ് അവരുടെ യുക്തിവാദം. അതു ദൈവത്തോട് കടപ്പാടില്ലാത്ത പാപജീവിതം നയിക്കുവാൻ സ്വാതന്ത്ര്യം നൽകുന്ന ആശയമാണ്. ബൈബിൾ പ്രസ്താവിക്കുന്നത് ഈ പ്രപഞ്ചം ദൈവത്തിന്റെ വചനത്താൽ ഉളവായി എന്നത്രെ (എബ്രാ. 1:2). ഈ അണ്ഡകടാഹത്തെ നിയന്ത്രിച്ച് അതിന്റെ ലക്ഷ്യത്തിൽ എത്തിക്കുവാനും ശക്തിയുള്ളവനാണ് ദൈവം (എബ്രാ. 1:3; കൊലൊ. 1:17). ഈ ഭൂമി രൂപപ്പെട്ടുവന്നതു വെള്ളത്തിൽനിന്നും വെള്ളത്താലുമാണ് (ഉല്പ. 1:9,10). അന്നുള്ള ലോകം ജലപ്രളയത്താൽ നശിക്കപ്പെട്ടു എന്ന് ബൈബിൾ പ്രസ്താവിക്കുന്നു. അതിനുള്ള അനേക തെളിവുകൾ ഭൂഗർഭശാസ്ത്രജ്ഞന്മാർ നൽകുന്നുണ്ടെങ്കിലും അത് മനസ്സോടെ അവഗണിക്കുവാൻ ഈ പരിഹാസികൾ മടിക്കുന്നില്ല.

ഇപ്പോഴത്തെ ആകാശവും ഭൂമിയും തീയ്ക്കായി സൂക്ഷിച്ചിരിക്കുന്നു എന്നത്രെ 7-ാം വാക്യത്തിൽ കാണുന്നത്. കർത്താവ് തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നും അഗ്നിജ്വാലയിൽ പ്രത്യക്ഷനാകും. അന്ന് മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലെ പണികളും വെന്തുപോകയും ചെയ്യും. ന്യൂക്ലിയർ യുഗത്തിൽ ജീവിക്കുന്നവർ അത് സമ്മതിക്കുമെന്നുള്ളതിന് സംശയമില്ല. അങ്ങനെ ഭൂമിയും ആകാശവും ശുദ്ധീകരിക്കപ്പെട്ടു പുതിയ ആകാശവും ഭൂമിയും ഉളവാകും എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഈ സത്യങ്ങൾ പരിഹാസികൾ മനസ്സോടെ മറന്നുകളയുന്നു എന്നത് ഒരു ദുഃഖസത്യമാണ്. അത് ഭക്തികെട്ടവരുടെ മേൽ വരുന്ന ന്യായവിധിയുടെ ദിവസം ആയിരിക്കും. ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അത് സംഭവിക്കും. ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ എന്നു പറയുന്ന പരിഹാസികൾ ശിക്ഷ അനുഭവിക്കും. അതിൽനിന്നും വിടുവിക്കപ്പെടുവാനുള്ള ഏകമാർഗ്ഗം ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുകയാണ്. അതിന് ദൈവം സഹായിക്കട്ടെ.

നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ദൈവം തന്റെ വാഗ്ദത്തങ്ങൾ നിവർത്തിക്കുന്നില്ലല്ലോ എന്നാണ് പരിഹാസികൾ പരാതിപ്പെടുന്നത്. എന്നാൽ ദൈവമക്കൾ അങ്ങനെ ചിന്തിക്കുന്നവർ ആകരുത്. എന്തുകൊണ്ടെന്നാൽ ദൈവത്തിന് ഒരു ദിവസം ആയിരം സംവത്സരംപോലെയും ആയിരം സംവത്സരം ഒരു ദിവസംപോലെയും ഇരിക്കുന്നു. മനുഷ്യൻ തന്റെ ആയുസ്സ് കണക്കാക്കു ന്നത് ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കൊണ്ടാണ്. എന്നാൽ ദൈവം ആദിയും അന്തവുമില്ലാത്തവനാണ്. നിത്യതയോടു ബന്ധപ്പെട്ടാണ് ദൈവം കണക്കുകൂട്ടുന്നത്. അതുകൊണ്ട് കർത്താവ് തന്റെ വാഗ്ദത്തങ്ങൾ നിവർത്തിപ്പാൻ താമസിക്കുന്നില്ല.

കർത്താവിന്റെ വരവ് താമസിക്കുന്നതു തന്റെ ദീർഘക്ഷമകൊണ്ടാകുന്നു. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു. നമ്മെ നശിപ്പിക്കുവാൻ തക്കവണ്ണം എല്ലാ കാരണങ്ങളും ഉണ്ടെങ്കിലും നമ്മോട് ദീർഘക്ഷമ കാണിക്കുന്നവനാണ് നമ്മുടെ ദൈവം. ഈ ചിന്ത എത്ര ആസ്വാദ്യകരമാകുന്നു. അതുകൊണ്ട് പാപികൾ രക്ഷിക്കപ്പെടുവാൻ കർത്താവ് പിന്നെയും അവസരം നൽകുന്നു. 10-ാം വാക്യത്തിൽ കർത്താവ് കള്ളനെപ്പോലെ വരും എന്നു പ്രസ്താവിക്കുന്നു. അതുകൊണ്ടുള്ള അർത്ഥം പ്രതീക്ഷിക്കാത്ത സമയത്ത് അതു സംഭവിക്കും എന്നത്രെ. അവൻ വന്നുകഴിഞ്ഞാൽ പിന്നെ ആർക്കും രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ല. അന്ന് ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും. ഭൂമിയും അതിലെ പണികളും വെന്തുപോകും. ഈ ലോകം നാശത്തിലേക്ക് അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്നു. കർത്താവിൽ ശരണപ്പെടുന്നവർ അവന്റെ വരവിനായി ഉണർന്ന് ഒരുങ്ങിയിരിക്കുന്നവർ ആകണം. അവന്റെ വരവിങ്കൽ സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നും വിടുവിക്കപ്പെടും (റോമർ 8:18-32). “ഇതാ, ഞാൻ സകലവും പുതുതാക്കുന്നു” എന്നത്രെ ദൈവം അരുളിച്ചെയ്യുന്നത് (വെളി. 21:5). നാം നീതി വസിക്കുന്ന പുതിയ ഭൂമിയിൽ വസിക്കും. അതിനായി നാം കാത്തിരിക്കുന്നവർ ആകണം. നീതിയും വിശു ദ്ധിയും ഭക്തിയുമുള്ള ജീവിതം നയിക്കണം. നാം അതിനായി പ്രാർത്ഥിക്കുന്നവരും കാത്തിരിക്കുന്നവരുമാണോ? അവന്റെ സുവിശേഷം മറ്റുള്ളവരെ അറിയിക്കുന്നതിൽ ഉത്സാഹമുള്ളവരാണോ? ‘സുവിശേഷം ഭൂമിയിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും’ എന്ന കർത്താവിന്റെ വാക്കുകൾ ഓർത്ത് അതിൽ വർദ്ധിച്ചുവരാം (മത്താ. 24:14).

നമ്മുടെ കർത്താവ് വരുമ്പോൾ നാം എങ്ങനെ കാണപ്പെടണം എന്ന് തുടർന്നു 14-ാം വാക്യത്തിൽ ചൂണ്ടി

ക്കാണിക്കുന്നു. നാം ഉത്സാഹിച്ച് ചെയ്യേണ്ട കാര്യങ്ങളാണ് ഇവിടെ പറയുന്നത്. ഒന്നാമതായി കറയും കളങ്കവും ഇല്ലാത്തവരാകണം. രണ്ടാമതായി നമ്മെ സമാധാനത്തോടെ കാണപ്പെടണം. നാം ലോകത്തിൽ ജീവിക്കുന്നവരെ ങ്കിലും ലോകത്തിനുള്ളവരല്ല. ലോകം മാലിന്യംകൊണ്ടു നിറഞ്ഞിരിക്കുന്നു. അതിന്റെ മദ്ധ്യത്തിൽ കളങ്കം പറ്റാതെ ജീവിക്കുന്നതാണ് യഥാർത്ഥ ഭക്തി. സമാധാനമില്ലാത്ത ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ ഹൃദ യങ്ങൾ കലങ്ങിപ്പോകാവുന്ന സാഹചര്യങ്ങൾ ഉണ്ടാകും. അതിന്റെ മദ്ധ്യത്തിൽ നാം ക്രിസ്തുവിന്റെ സമാധാനമു ള്ളവരായി ജീവിക്കണം. കർത്താവ് വരുവാൻ താമസിക്കുന്നത് പാപികൾ രക്ഷിക്കപ്പെടുവാൻ പിന്നെയും അവ സരം ലഭിക്കേണ്ടതിനാണ്. ആ രക്ഷയുടെ സുവിശേഷം മറ്റുള്ളവരെ അറിയിക്കുവാൻ നാം ഉത്സാഹമുള്ളവർ ആക ണം.

## കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ (3:15-18)

15-ാം വാക്യത്തിൽ പത്രൊസ് പൗലൊസിന്റെ ലേഖനങ്ങളെ ശ്ലാഘിക്കുന്നു. ദുരുപദേഷ്ടാക്കന്മാരുടെ ഉപദേ ശങ്ങൾ കാപട്യം നിറഞ്ഞതും വിശ്വാസികളെ തെറ്റിച്ചുകളയുന്നതുമായിരുന്നു. അവരോട് എതിർത്തുനിൽക്കുവാൻ ദൈവജനത്തെ ആഹ്വാനം ചെയ്യുന്നു. പത്രൊസിനെ പരസ്യമായി ശാസിച്ച പൗലൊസിനെ ‘നമ്മുടെ പ്രിയ സ ഹോദരൻ’ എന്ന് സംബോധന ചെയ്യുന്ന പത്രൊസിന്റെ മനോഭാവം നമുക്കുണ്ടാകട്ടെ. പൗലൊസിനു ലഭിച്ചിരുന്ന ജ്ഞാനത്തെക്കുറിച്ചും അവന്റെ ലേഖനങ്ങൾ ഗ്രഹിപ്പാൻ പ്രയാസമുള്ളവ ആയിരുന്നു എന്നും പത്രൊസ് സാക്ഷി ക്കുന്നു. മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠന്മാർ എന്ന് എണ്ണുകയും ബഹുമാനിക്കയും ചെയ്യുന്ന പത്രൊസിന്റെ മാതൃക നമുക്ക് അനുകരിക്കാം. അറിവില്ലാത്തവരും അസ്ഥിരന്മാരുമായ ദുരുപ ദേഷ്ടാക്കന്മാർ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളാത്തവരും അവരുടെ നാശത്തിനായി കോട്ടിക്കളയുന്നവരുമാകുന്നു. അത് സാത്താന്റെ സ്വഭാവം ആണ് (മത്താ. 4:3-11). ദുരുപദേഷ്ടാക്കന്മാർ ഉപദേശത്തിൽ അസ്ഥിരരും അശുദ്ധജീവിതം നയിക്കുന്നവരു മത്രെ. അവരെ നാം ഒഴിഞ്ഞിരിക്കണം. അവരുടെ വഞ്ചനയിൽ പെടരുത്.

18-ാം വാക്യത്തിൽ കൃപയിലും യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളരുവാൻ ആഹ്വാനം നൽകിക്കൊണ്ട് ലേഖനം ഉപസംഹരി ക്കുന്നു. നാം ക്രിസ്തുവിൽനിന്നും കൃപ ലഭിച്ചവരാണ്. അങ്ങനെ നാം രക്ഷിക്ക പ്പെട്ടു. നമ്മുടെ ആത്മീയവളർച്ചയ്ക്കും ആ കൃപ ആവശ്യമാണ്. ക്രിസ്തു യേശുവിലുള്ള കൃപയിൽ നാം ശക്തി പ്പെടുന്നവർ ആകണം. കൃപയിൽ വളരു ന്തോറും വീഴ്ചയ്ക്കു സാദ്ധ്യതകൾ കുറഞ്ഞുവരും. കൂടാതെ ക്രിസ്തു വിനെ ക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളരണം. അവൻ കർത്താവും രക്ഷിതാവുമാണ്. അവന്റെ രക്ഷ നിത്യമാ ണ്. അവന്റെ കർത്തൃത്വത്തിൽനിന്നും നമ്മെ വേർപ്പെടുത്തുവാൻ യാതൊരു ശക്തിക്കും സാദ്ധ്യമല്ല. ഈ പരി ജ്ഞാനം കേവലം അറിവുകൊണ്ട് ഉണ്ടാകുന്നതല്ല. കർത്താവിനോടുള്ള നിരന്തര സമ്പർക്കം മൂലം ലഭിക്കുന്നതാ ണ്. കൃപയിലും ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളരുന്നവർ വിശ്വാസത്തിൽ സ്ഥിരതയും മറ്റുള്ള വർക്ക് പ്രയോജനവും ഉള്ളവരാകും. ക്രിസ്തു സർവ്വമഹത്വത്തിനും യോഗ്യനാണ്. അവൻ ദൈവമാകുന്നു എന്ന സത്യം അംഗീകരിച്ചുകൊണ്ട് പത്രൊസ് ലേഖനം ഉപസംഹരിക്കുന്നു. ദുരുപദേഷ്ടാക്കന്മാരുടെ വഞ്ചനയിൽ അക പ്പെടാതെ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വർദ്ധിച്ചു വരുവാൻ ഈ പഠനം നമ്മെ സഹായിക്കട്ടെ. കർത്താവിന്റെ വലിയ നാമം മഹത്വപ്പെടട്ടെ!

***